# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 224 — 19.06.2013-ൽ മറുപടിയ്ക്ക്

## ഭൂജലസംപോഷണത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂജല സംപോഷണത്തിനായി പദ്ധതികൾ രൂപീകരിക്കാൻ നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) ഉണ്ട്. ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി പ്രകാരം ഭൂജലശേഖരം വർദ്ധിപ്പിക്കുവാൻ തടയണകൾ, അടിയണകൾ, തുറന്ന കിണറുകൾ വഴിയുള്ള സംപോഷണം എന്നിങ്ങനെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) ഭൂജല വിതാനം കുറഞ്ഞ സ്ഥലങ്ങളിൽ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ മഴവെള്ള സംഭരണം നടത്തി ഭൂജല വിതാനം ഉയർത്തുകയും അതിലൂടെ ഭൂജല ശേഖരം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | സി) കാലാകാലങ്ങളിൽ ഭൂജല വകുപ്പിന് അനുവദിച്ചു കിട്ടുന്ന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഭൂജല വകുപ്പ് നേരിട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഡി) കൃത്രിമ ഭൂജല സംപോഷണത്തിനായി 2012-13 കാലയളവിൽ കേരള ഭൂജല വകുപ്പ് 44 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 44.22 ലക്ഷം രൂപ ചിലവഴിച്ചിട്ടുള്ളതുമാകുന്നു. 2013-14 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 60 ലക്ഷം രൂപ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ